THURSDAY **26/06/2025** വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/06/2025

1. കേരള കാർഷിക സർവകലാശാലയുടെ ബിരുദദാന ചടങ്ങ് "Convocation – 2024" ഇന്ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് തൃശ്ശൂർ പുഴയ്ക്കലിലുള്ള **ഹയാത്ത് റീജൻസിയിൽ** വെച്ച് നടത്തുന്നു. അഗ്രിക്കൾച്ചർ, ഫോറസ്ട്രി, എഞ്ചിനീയറിങ്ങ് എന്നീ 3 ഫാക്കൽറ്റികളിൽ നിന്ന് ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, പി എച്ച് ഡി വിദ്യാർത്ഥികൾ **കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കറിൽ** നിന്ന് ബിരുദം ഏറ്റുവാങ്ങുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രിയും, കേരള കാർഷിക സർവകലാശാല പ്രോ-ചാൻസലറുമായ പി പ്രസാദ് അവർകൾ അദ്ധ്യക്ഷത വഹിക്കുകയും, റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ അവർകൾ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്യുന്നു. പ്രസ്തുത ചടങ്ങിൽ വെച്ച്ഡോ. കടമ്പാട്ട് എച്ച് എം സിദ്ദിഖ് (Hacket Professor of Agriculture, Chair and Director, University of Western Australia), പോൾ തോമസ് (മാനേജിങ്ങ് ഡയറക്ടർ &ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇസാഫ് ഗ്രൂപ്പ്) എന്നിവർക്ക് **ഹോണററി ഡോക്ടറേറ്റ്** ബിരുദം കേരള ഗവർണർ സമ്മാനിക്കുന്നു.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ കന്നുകാലികളുടെ ചികിത്സയ്ക്കായി പേറ്റന്റ് വെറ്ററിനറി മരുന്നുകൾ 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് വിതരണം നടത്തുന്നതിന് താല്പര്യമുള്ള ഏജസികളിൽ അല്ലെങ്കിൽ കമ്പനികളിൽ നിന്ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തിയതി 02/07/2015 പകൽ 11 മണിവരെയാണ്.

ദർഘാസ് തുക 4,90,000/-, നിരതദ്രവ്യം : 4,900/-

ദർഘാസ് ഫോമിന്റെ വില : 1000/- 18% ജി.എസ്.റ്റി

കൂടുതൽ വിവരങ്ങൾക്ക് 0471-2732962 (9446406242) എന്ന നമ്പരിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

3. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആർ കെ വി വൈ - പി ഡി എം സി സൂക്ഷ്മ ജലസേചന പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്വന്തമായി കൃഷിയിടമുള്ള കർഷകർക്ക് നിബന്ധനകളോടെ ചെലവിന്റെ 55 ശതമാനം ധനസഹായം ലഭിക്കും. അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭിക്കും. ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (എസ് സി, എസ് ടി വിഭാഗങ്ങൾക്ക്) എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

4. വിദ്യാതീരം പദ്ധതി അപേക്ഷ ക്ഷണിച്ചു. രക്ഷിതാക്കൾ മരണപ്പെട്ടതോ രണ്ടുപേരും രോഗബാധിതരായി കിടപ്പിലായതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ വിദ്യാതീരം പദ്ധതിയുടെ ഭാഗമായ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദത്തെടുക്കൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: ജൂൺ 25. അപേക്ഷ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിലും ജില്ലാ ഫിഷറീസ് ഓഫീസിലും ലഭിക്കുമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 04952383780.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ വച്ച് ജൂൺ അവസാനവാരം 'മട്ടുപ്പാവ് കൃഷിയുടെ വിവിധ വശങ്ങൾ' (സംയോജിത വളപ്രയോഗം, സംയോജിത കീട-രോഗ നിയന്ത്രണം, ജൈവ അവശിഷ്ടനിർമാർജ്ജനം) എന്ന വിഷയത്തെക്കുറിച്ച് ഒരു ഏകദിന പരിശീലന പരിപാടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 500/- രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താൽപര്യമുള്ളവർ 9446104347, 9645219270 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8.** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9.** കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

7. **കാർഷിക നിർദേശം**

**ചീര**

ഇലകരിച്ചിൽ രോഗത്തിനെതിരെ:

സ്യൂഡൊമോണാസ് ഫ്ളൂറസെൻസ്- 2% (ഇലകളിൽ തളിക്കുക), ട്രൈക്കോഡെർമ്മ വിറിഡെ-2% (മണ്ണിൽ ചേർക്കുക). മഞ്ഞൾപൊടി + അപ്പക്കാരം (5:1 അനുപാതത്തിൽ) മിശ്രിതം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ഇലകളിൽ തളിക്കുകയും ചെയ്യുക.

**വാഴ**

മാണം അഴുകൽ - മഴക്കാലത്ത് വാഴയിൽ മാണ അഴുകൽ രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. ശരിയായ നീർവാർച്ച സൗകര്യം ഉറപ്പാക്കണം. മുൻകരുതൽ എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിലയിൽ, മൂന്ന് ലിറ്റർ സ്യൂഡോമോണാസ് ലായനി (ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം) ഉപയോഗിച്ച് തടത്തിൽ ഒഴിച്ചു കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം